(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളിൽ സ്വയം പര്യാപ്തമല്ലാത്തവയുടെ നടത്തിപ്പിന് ഗ്രാന്റ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള ശേഷിച്ച പദ്ധതികൾ എന്നേക്ക് കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1546 ജലവിതരണ പദ്ധതികളുണ്ടായിരുന്നു.

(ബി) 209.

(സി) 887.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമായി അടുത്ത സാമ്പത്തിക വർഷം മുതൽ ഒരു എഞ്ചിനീയറിംഗ് വിംഗ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഇ) സമയബന്ധിതമായി ഇവ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തുന്ന ശുദ്ധജല പദ്ധതികൾ

63 [220] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തി എത്ര ശുദ്ധജലവിതരണ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം, തിരുവനന്തപുരം ജില്ലയിൽ എത്ര ശുദ്ധജല പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) അവ ഏതെല്ലാം;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാലതാമസത്തിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ;

(എഫ്) കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി മുതൽ എഫ് വരെ) ചോദ്യം ഉദിക്കുന്നില്ല.

രാജീവ്ഗാന്ധി ദേശീയ കുടിനീർ പദ്ധതിയുടെ കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ പ്രദേശങ്ങൾ

64 [221] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന കുടിനീർ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഇടക്കോട്, അയിരുപ്പാറ, കഴക്കൂട്ടം-മീനങ്കുളം, ഉളിയഴത്തറ, വിളവൂർക്കൽ, ഒറ്റശേഖരമംഗലം, അരുവിപ്പുറം, മറുകിൽ, മാറനല്ലൂർ, അമ്പൂരി പഞ്ചായത്തിലെ ചീനിക്കാല, കൊണ്ടകെട്ടി, കൂട്ടമല, വെള്ളറട പഞ്ചായത്തിലെ കണക്കോട്-കണിമരം, പൂവൻകുഴികോളനി, കോട്ടയംവിള, വിഴിഞ്ഞം, കള്ളിക്കാട്, പനവൂർ-പുല്ലമ്പാറ, കിളിമാനൂർ, വർക്കലയും സമീപ പഞ്ചായത്തുകളും, വക്കം, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കുളത്തൂർ പഞ്ചായത്തിലെ കണ്ണമേൽകോണം പട്ടികജാതി കോളനി, നഗരൂർ പഞ്ചായത്തിലെ വട്ടവിള പട്ടികജാതി കോളനി എന്നിവിടങ്ങളിലാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) ഈ ആവശ്യത്തിനായി 2003-2004 വർഷത്തിൽ 558 ലക്ഷം രൂപയും സ്വജൽധാര പദ്ധതിയിൽ 37.2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly